"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - രാമനാട്ടുകര നഗരസഭ - അനധികൃത കെട്ടിടങ്ങൾക്ക് അനുമതി നൽകിയതും അസസ്മെന്റ് രജിസ്റ്റർ തിരുത്തൽ വരുത്തുകയും ചെയ്തതായുള്ള ആരോപണം - ക്ലാർക്ക് ശ്രീ.സാജു.സി.എച്ച്, റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത് കുമാർ.എൻ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.134/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.04.2024 തീയതിയിലെ LSGD/PD/48302/2023-VIGD6 നമ്പർ കത്ത്.
2. ക്ലാർക്ക് ശ്രീ.സാജു.സി.എച്ച്, റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത് കുമാർ.എൻ എന്നിവർക്ക് നൽകിയ 05.12.2024 തീയതിയിലെ ഇയു4/286/2023-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീ.സാജു.സി.എച്ച്, ശ്രീ.അജിത് കുമാർ.എൻ എന്നിവർ സമർപ്പിച്ച 11.02.2025 തീയതിയിലെ പ്രതിവാദ പത്രികകൾ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 01.07.2025, 17.09.2025 തീയതികളിലെ LSGD/PD/48302/2023-VIGD6 നമ്പർ കത്ത്

**ഉത്തരവ്**

രാമനാട്ടുകര നഗരസഭയിൽ അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകി, അസസ്മെന്റ് രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തി എന്നീ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത്ത് കുമാർ എൻ, ക്ലാർക്ക്/ബിൽ കളക്ടർ ശ്രീ.സാജു സി.എച്ച് എന്നിവരെ അന്വേഷണ വിധേയമായി 06.07.2022 -ൽ രാമനാട്ടുകര നഗരസഭാ സെക്രട്ടറി സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ശ്രീ.സാജു സി.എച്ച് സസ്പെൻഷനെതിരായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടിക്ക് ഭംഗം വരാത്ത വിധത്തിൽ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതുമാണ്. ടി ക്രമക്കേട് സംബന്ധിച്ച് നഗരസഭ സൂപ്രണ്ട്, അസിസ്റ്റന്റ് എൻജിനീയർ എന്നിവർ നടത്തിയ അന്വേഷണ റിപ്പോർട്ട് പ്രകാരം റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത്ത്കുമാറിനെതിരെ രണ്ട് ക്രമക്കേടുകളും ക്ലാർക്ക് ശ്രീ.സാജുവിനെതിരെ 52 ക്രമക്കേടുകളും കണ്ടെത്തുകയും ആയത് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

2. ടി ക്രമക്കേടുകളിൽ കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷനിലെ 12 കേസുകളും ഫറോക്ക് പോലീസ് സ്റ്റേഷനിലെ 5 കേസുകളും തുടരന്വേഷണത്തിനായി വിജിലൻസിന് കൈമാറി ഉത്തരവായത് പ്രകാരം കുറ്റാരോപിതർക്കെതിരെ വി.സി. 01/2024/എൻ.ആർകെ നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിരുന്നു. അസസ്മെന്റ് രജിസ്റ്റർ തിരുത്തൽ വരുത്തിയതിലും അനധികൃത കെട്ടിടങ്ങൾക്ക് അനുമതി നൽകിയതിലും ക്ലാർക്ക് ശ്രീ.സാജു.സി.എച്ച്, റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത് കുമാർ.എൻ എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. തുടർന്ന് കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടി ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

3. നഗരസഭ അന്വേഷണ സംഘം കണ്ടെത്തിയ അപാകതകളിലും ഇന്റേണൽ വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകളിലും ശ്രീ. സാജു സി.എച്ച്. ന്

ഉത്തരവാദിത്തമുണ്ടെന്നും ആയതിനാൽ ശ്രീ. സാജു സി.എച്ച് സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലെന്നും ശ്രീ.അജിത് കുമാർ.എൻ സമർപ്പിച്ച മറുപടിയും തൃപ്തികരമല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ക്ലാർക്ക് ശ്രീ.സാജു.സി.എച്ച്, റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത് കുമാർ.എൻ എന്നിവർ പ്രതിവാദ പത്രികയിൽ ആവശ്യപ്പെട്ടത് പ്രകാരം ഇരുവരെയും അണ്ടർ സെക്രട്ടറി 06.08.2025 തീയതിയിൽ നേരിൽ കേട്ടിരുന്നു.

4. ക്ലാർക്ക് ശ്രീ.സാജു.സി.എച്ച്, റവന്യൂ ഇൻസ്പെക്ടർ ശ്രീ.അജിത് കുമാർ.എൻ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിൽനിന്നും ഇരുവരെയും നേരിൽ കേട്ടതിൽനിന്നും ടി ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുള്ള പ്രതിവാദപത്രിക തൃപ്തികരമല്ലാത്തതിനാൽ, അച്ചടക്ക നടപടി തുടരേണ്ടതും അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാളുകൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

5. ആയതിനാൽ രാമനാട്ടുകര നഗരസഭയിൽ അനധികൃത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകി, അസസ്മെന്റ് രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തി എന്നീ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ക്ലാർക്ക് ആയിരുന്ന ശ്രീ.സാജു.സി.എച്ച്, റവന്യൂ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ.അജിത് കുമാർ.എൻ എന്നിവർക്കെതിരെ 1960 ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാളുകൾക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

6. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ്, കോഴിക്കോട്( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.സാജു.സി.എച്ച്, ക്ലർക്ക്, രാമനാട്ടുകര നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.അജിത് കുമാർ.എൻ, ക്ലറവന്യൂ ഇൻസ്പെക്ടർ ക്ലാർക്ക്,രാമനാട്ടുകര നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/286/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-01-2026 12:12:44
സെക്ഷൻ ഓഫീസർ